

# സമന്വയം

2020

## M.G.M.H.S.S.KURUPPAMPADY



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS




# M.G.M.H.S.S.
# KURUPPAMPADY



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# MANAGER

## GIJU T.K.



I commend the editorial team for bringing out yet another edition of the school digital magazine" **samanwayam-2020**".



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

As Manager of the school, I am  proud of the commitment of Teachers and staff to the holistic development of young minds,towards which our efforts  remain focused.

My best wishes are with the Headmistress ,faculty,and the students especially Little kite teams of our school.



Kerala Infrastructure and Technology for Education
Presents

# HEADMISTRESS

SHAIBI  KURIAKOSE



## സന്ദേശം

വിവരസാങ്കേതികവിദ്യ സമൂഹത്തിന്റെ എല്ലാ

മേഖലകളിലും ഇന്ന് സ്വാധീനം ചെലുത്തുന്നു .

വിദ്യാർത്ഥികൾക്ക് ഗുണപരമായും

സർഗാത്മകമായും ഇവ

പ്രയോജനപ്പെടുത്തുന്നതിനായി നടപ്പിലാക്കി



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

വരുന്ന ലിറ്റിൽ കൈറ്റ്സ് ഐടി കൂട്ടായ്മ എം.ജി.എം ഹയർ സെക്കന്ററി സ്കൂൾ കുറുപ്പംപടിയിലും നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നു .

ലിറ്റിൽ കൈറ്റ്സിന്റെ പുതിയ സംരംഭമായ ഡിജിറ്റിൽ മാഗസിൻ **"സമന്വയം 2020"**ലൂടെ യാഥാർത്ഥ്യമാവുകയാണ് . ഇതിനു പിന്നിൽ പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ . കൗമാര പ്രായക്കാരിലെ മുത്തും പവിഴവും **"സമന്വയം 2020"**ലൂടെ വെളിപ്പെട്ടു മാറ്റൊലിക്കൊള്ളട്ടെ.................



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

## At the back side.........

**Chief Editor**
PONNUMOL A .V.

**Staff Editors**
SHEENA M.T
JESSY KURIAKOSE



## LITTLE KITES EDITORS TEAM



AKHILESH



BASIL ELDHO



BASIL K SUNNY



KALIDAS

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# എഡിറ്റോറിയൽ.................

ചരിത്രമുറങ്ങുന്ന വഴിയിലൂടെ കാലചക്രമുരുളുമ്പോൾ

വീണ്ടുമൊരു പുതുവർഷം കൂടി പിറവിയെടുക്കുകയായി.

പറഞ്ഞതിലുമേറെ പറയാൻ ബാക്കി വച്ചുകൊണ്ട്.......

കേട്ടതിലുമേറെ കേൾക്കാൻ കൊതിപ്പിച്ച കൊണ്ട്........

ഇതൊരു യാത്രയാണ്......

അനുഭവങ്ങളിലൂടെ.....അനുഭൂതികളിലൂടെ.......

അറിവുകൾ തേടിയുള്ള യാത്ര........

വിവരസാങ്കേതികവിദ്യയുടെ സ്വപ്ന ചിറകിലേറി

അറിവിൻെറ അനന്തവിഹായസ്സിലേക്ക് നമുക്കൊരുമിച്ച്

മുന്നേറാം.....

# എം.ജി.എം.എച്ച്.എസ്.എസ്.

## കുറുപ്പംപടി



എറണാകുളം ജില്ലയിൽ പെരുമ്പാവൂർ നഗരത്തിനടുത്ത് കുറുപ്പംപടിയുടെ ഹൃദയ ഭാഗത്താണ് എം .ജി .എം. സ്ഥിതി ചെയ്യുന്നത് . പരുമല തിരുമേനിയുടെ നാമധേയത്തിൽ വിശുദ്ധ മർത്തമറിയം പള്ളിയുടെ കീഴിൽ 1921 മെയ് മാസത്തിൽ മിഡിൽ സ്കൂൾ ആയാണ് എം ജി എം പ്രവർത്തനമാരംഭിച്ചത്.

കുറുപ്പംപടിയുടെ സമീപ പ്രദേശങ്ങളിൽ ഇന്നത്തെപ്പോലെ വിദ്യാലയങ്ങളില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ നാനാ ജാതി മതസ്ഥരായ നാട്ടുകാർക്ക് വിദ്യാഭ്യാസത്തിനുള്ള ഏക ആശ്രയം എം ജി എം ആയിരുന്നു.

ഹെഡ്മാസ്റ്ററായിരുന്ന ഫാ. പി.എ.പൗലോസ്കോർ എപ്പിസ്കോപ്പയുടെ നിരന്തരമായ പ്രയത്നത്തിന്റെ ഫലമായി മിഡിൽ സ്കൂളായിരുന്ന എം ജി എം നെ ഹൈസ്കൂളായി ഉയർത്തി . 1998-ൽ ഹയർ സെക്കന്ററി വിഭാഗവും ആരംഭിച്ചു.

അക്കാദമിക-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ പ്രശസ്തരായ നിരവധി വ്യക്തികളെ വാർത്തെടുത്ത ചരിത്രമാണ് എം ജി എം സ്കൂളിനുള്ളത്.രായമംഗലം പഞ്ചായത്തിൽ ഏറ്റവും ആദ്യം നിലവിൽവന്ന ഹൈസ്കൂൾ എന്ന പദവിയോടെ ശതാബ്ദി നിറവിലേക്ക് എത്തി നിൽക്കുന്ന എം ജി എം അക്കാദമികവും ഭൗതികവുമായി മികച്ച നിലവാരത്തിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു .

കലാ-കായിക മത്സരങ്ങളിൽ തിളക്കമാർന്ന പ്രകടനം കാഴ്ച വയ്ക്കാൻ എം ജി എം ന് കഴിഞ്ഞിട്ടുണ്ട്. അനേക തവണ ഈ വിദ്യാലയം സബ്ജില്ല-ജില്ലാ യുവജനോത്സവങ്ങൾക്ക് വേദിയായിട്ടുണ്ട് . 2017-18 അധ്യയന വർഷത്തെ ജില്ലാ-ഗണിതശാസ്ത്ര-ഐടി മേളകൾക്ക് ആതിഥ്യമേകുവാൻ കഴിഞ്ഞത് ഈ പാവനഭൂമിയുടെ പുണ്യമാണ്.

വിദ്യാരംഗം കലാസാഹിത്യവേദികളിലെ നിറസാനിദ്ധ്യമാണ് ഈ വിദ്യാലയത്തിലെ കുരുന്നുകൾ. സബ്ജില്ല-ജില്ല തലങ്ങളിൽ ചിത്രരചന, നാടൻപാട്ട്,കവിതാപാരായണം,പ്രബന്ധാവതരണം,



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

അക്ഷരശ്ലോകം-തുടങ്ങിയ വിഭാഗങ്ങളിൽ മികച്ച നിലവാരം പുലർത്താൻ ഈ വിദ്യാലയത്തിന് സാധിക്കുന്നു.

ഉന്നതനിലവാരവും മികച്ച പുസ്തകങ്ങളുമുള്ള ബൃഹത്തായ ലൈബ്രറി,മൾട്ടിമീഡിയ റൂം,സയൻസ് ലാബ്,വൃത്തിയുള്ള ക്ലാസ്റൂമുകൾ,ഭംഗിയുള്ള പൂന്തോട്ടം എന്നിവ വിദ്യാലയത്തിന്റെ മേന്മകളാണ്. വിശാലമായ കളിക്കളം വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നു.





KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

പഠിതാക്കളുടെ ദൈനംദിന വിജ്ഞാനം വർദ്ധിപ്പിക്കുവാൻ സ്കൂളിൽ ലഭ്യമാകുന്ന പത്രങ്ങൾ സഹായിക്കുന്നു .തളിര്,യുറീക്ക,ശാസ്ത്രകൗതുകം-തുടങ്ങിയ വിജ്ഞാന വർദ്ധകങ്ങളായ മാസികകൾ ക്ലാസുകളിലേക്ക് എത്തിക്കുകയും വിശാലമായ ലോകത്തേക്കുറിച്ച് കുട്ടികൾക്ക് ഉൾക്കാഴ്ച നൽകുകയും ചെയ്യുന്നു.

വിവിധ ക്ലബ്ബുകളുടേയും ജെ.ആർ.സിയുടേയും പ്രവർത്തനങ്ങൾ വിദ്യാലയത്തിന്റെ സുഗമമായ നടത്തിപ്പിന് സഹായിക്കുന്നു. കുട്ടികളെ മുൻനിരയിലെത്തിക്കുന്നതിന് സ്പെഷ്യൽ ക്ലാസുകൾ , കോച്ചിംഗ് ക്ലാസുകൾ,എന്നിവ കാര്യക്ഷമമായി നടത്തി വരുന്നു .പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് കൈതാങ്ങായി മലയാളതിളക്കം ,നവപ്രഭ,ശ്രദ്ധ തുടങ്ങിയ പാഠ്യപദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട് .കഴിഞ്ഞ 3 വർഷങ്ങളിൽ തുടർച്ചയായി 100 ശതമാനം വിജയം കൈവരിച്ച ഈ വിദ്യാലയത്തിൽ നിരവധി കുട്ടികൾ ഉന്നതവിജയം കരസ്ഥമാക്കിയിട്ടുണ്ട്.



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# ഇതളുകൾ വിരിയുമ്പോൾ............


1 ഒരു കണ്ണീർ കണം ............................................ 14

2 കുഞ്ചൻ നമ്പ്യാരുടെ ഫലിതങ്ങൾ......................... 17

3 Social science quiz.......................................... 20

4 ഉയരെ.............................................................. 22

5 Riddles........................................................... 24

6 ശാസ്ത്രകൗതുകം..............................................26

7 Those days ....................................................30

8 നമ്മുടെ കൊട്ടാരങ്ങൾ.........................................32

9 അതിജീവനം.................................................. 35

10 പഴഞ്ചൊല്ലുകൾ ..............................................36

11 നാലുമണിപൂക്കൾ............................................ 40

12 മഹത് വ്യക്തികളുടെ ജീവിതനിരീക്ഷണങ്ങൾ.... 42

13 ദൈവത്തിൻസ്വന്തംനാട്....................................46

14 സുകൃത കേരളം................................................48

15 കാത്തിരിപ്പ്......................................................54




KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# ഒരു കണ്ണീർ കണം



**Arunima rajesh**

**9C**



എന്തിനോ വാടുന്നൊരെന്നമ്മതൻ മുഖ-

ത്താരോ കരിമഷി വാരിടുന്നു.

അമ്മതൻ പുഞ്ചിരി കാണുവാനായി ഞാൻ

ഏറേ ദിനങ്ങൾ തപസ്സിരുന്നു.

മിന്നുന്ന ആ കരിമിഴിലായ് ഇന്നു ഞാൻ

നോവിന്റെ നേരിയ തുള്ളികണ്ടു.

ഓരോ ദിനംതോറും അമ്മതൻ മിഴിയിലായ്



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

നോവിന്റെ വേദന കൂടിടുന്നു.

അമ്മതൻ ചുണ്ടുകൾ തേങ്ങി വിതുമ്പുന്ന-

താദ്യമായി എൻ കണ്ണി കണ്ടിടുന്നു.

അമ്മതൻ പൂമുഖം മാറിടുന്നു.

കോതുന്ന ഓരോ മുടിയിഴയ്ക്കുള്ളിലും

നോവിന്റെ പാടുകൾ ഞാനറിഞ്ഞു.

എന്റെ പൊൻവീഥിയിൽ അമ്മതൻ പുഞ്ചിരി

നാളുകളായ് ഉറക്കമായി.

പൂട്ടിവെച്ചുള്ള മനസ്സോടു ഞാനുമാ

വാതിൽപ്പടിയിൽ തളർന്നിരുന്നു.

പൂച്ചെടി പോലുള്ള അമ്മതൻ നേത്രങ്ങൾ

വാടിയ പൂമരം പോലെയായി.

പെയ്യുന്ന മഴയുടെ വേഗതയോടെന്റെ

അമ്മതൻ കണ്ണുനീർ വീണടഞ്ഞു.

വീണപോകുന്നൊരാ ഓരോ കൺതുള്ളിയും

നോവിന്റെ സത്യം വെളിപ്പെടുത്തി.

അമ്മതൻ കണ്ണുനീർ കാണുവാനായി ഞാൻ

ഇനിയൊരു നിമിഷവും നീട്ടുകില്ല.

നേരം കഴിഞ്ഞേറെ നാളുകൾ നീങ്ങിപ്പോയ്

എന്റമ്മ നീണ്ടയുറക്കത്തിലായ്.

അമ്മതൻ പൂമിഴി ഒന്നു വിടരുവാൻ

ഇന്നും ഞാൻ തേങ്ങലായ് കാത്തിരുന്നു.



Kerala Infrastructure and Technology for Education Presents



JOE ELDHO WILSON

8B

# കുഞ്ചൻ നമ്പ്യാരുടെ ഫലിതങ്ങൾ




## അവിടന്നും അടിയനും ഒരുപോലെ

മഹാരാജാവ്: എന്താ നമ്പ്യാരേ വിശേഷാൽ
വല്ലതും പറവാനുണ്ടോ

നമ്പ്യാർ: ഉണ്ടേ തിരുമേനി,സജ്ജനങ്ങൾ
അവിടുത്തേ പൂജിക്കുന്നു.അടിയനുമുണ്ട്
പൂജ.പക്ഷേ ,ശത്രുക്കൾ
വടികൊണ്ടാണെന്നു മാത്രം

മഹാരാജാവ്: (ഒരു നർമ്മ സംഭാഷണം
തരപ്പെട്ടതിലെ
സന്തോഷത്തോടെ)പിന്നേ?



Kerala Infrastructure and Technology for Education
Presents

നമ്പ്യാർ: തിരുമനസ്സിലേക്ക് കയറാൻ വാരണമുണ്ട്.
അടിയനും കേറാൻ വാരണമുണ്ട്.ഒരു
വ്യത്യാസം മാത്രം ആദ്യത്തേ വാരണം
ആനയും രണ്ടാമത്തേ വാരണം
തടസ്സവുമാണ്

മഹാരാജാവ്: (പുഞ്ചിരിയോടെ)കേൾക്കട്ടേ
പിന്നെന്തൊക്കയുണ്ട്
നമ്പ്യാർ:തിരുമേനിക്ക് അരി ശത്രു
ഒട്ടുമില്ല.അടിയന്റെ വീട്ടിലാകട്ടേ
കഞ്ഞിവെയ്ക്കാൻ അരിഅല്പവുമില്ല

മഹാരാജാവ്: എന്നിട്ട്?

നമ്പ്യാർ: [ വിനയപൂർവം]ഇങ്ങനെ അവിടുത്തെ
വളരെക്കാലം സേവിച്ചതിന്റെ ഫലമായി
അവിടന്നും അടിയനും ഒരുപോലായി
തീർന്നു

# Social Science Quiz



**KALIDAS S NAIR**
**9D**

**1**. The Collection of ancient tamil songs known as?
Ans: Sangam Literature

**2**. Maps representing natural features ?
Ans: physical map

**3**. The fundamental problems faced by the an economy ?
Ans: What to produce
How to produce
Whom to produce

**4**. Who is the father of modern economy ?
Ans: Adam Smith

**5**. Who propagated Jainism?
Ans: Vardhamana Mahavira



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS



# Akhilesh P.S.
# 9E





KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

# <u>ഉയരെ</u>






**NEHA JEMMY**
**9D**

ഇന്നത്തെ സമൂഹത്തിലെ ഒരുപാടാളുകൾക്ക് പ്രചോദനമാകുന്ന സിനിമയാണ് ഉയരെ .

പാർവതി,ടൊവീനോ തോമസ്,ആസിഫലി എന്നിവർ കേന്ദ്രകഥാപാത്രങ്ങളായ് എത്തുന്ന ഈ സിനിമ മനുഷ്യന്റെ പച്ചയായ ജീവിതത്തെയാണ് സൂചിപ്പിക്കുന്നത് .ഒരു പെൺകുട്ടിയുടെ കഠിനപ്രയത്നവും ആസിഡാക്രമണത്തിനിരയായ അവളുടെ ജീവിതവുമാണ് മനുഅശോകൻ എന്ന സംവിധായകൻ ഈ സിനിമയിലൂടെ കാണികൾക്ക് നൽകുന്നത് . അങ്ങനെയൊരു പെൺകുട്ടി സമൂഹത്തിൽ അനുഭവിക്കുന്ന പ്രയാസമാണ് ഈ സിനിമ നമുക്ക് മനസിലാക്കി തരുന്നത്.

പല്ലവി-പാർവതി,വിശാൽരാജശേഖരൻ-ടൊവിനോ തോമസ് ,ഗോവിന്ദ്-ആസിഫലിയും എത്തുന്ന ഈ



Kerala Infrastructure and Technology for Education
Presents

സിനിമയിൽ പാർവതിയുടെ  അച്ഛനായെത്തുന്നത് സിദിഖാണ് . ചെറുപ്പം മുതൽ ആഗ്രഹിച്ച ജോലി കൈയെത്തും ദൂരത്തു നിൽക്കുമ്പോഴാണ് പല്ലവിക്ക് കാമുകനിൽ നിന്ന് വലിയ ദുരന്തമുണ്ടായത്. ഒരു പെൺകുട്ടിയെ സംബന്ധിച്ച് അത് മരണത്തെക്കാൾ ഭയാനകമാണ് .എന്നാൽ വിശാൽ രാജശേഖരൻ വഴി വിമാനത്തിൽ മറ്റൊരു ജോലി കിട്ടുന്നു .പക്ഷേ ,തന്റെ ജീവിതം തന്നെ മാറ്റിമറിച്ച ഗോവിന്ദ് എന്ന ചെറുപ്പക്കാരൻ കാരണം ചെറിയൊരു സന്തോഷം അവൾക്ക് ലഭിച്ചു.



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS










# <u>RIDDLES</u>



**ATHULYA PRAKASHAN**
**8B**

**1.**why is a river so rich?

Because it has two banks.

**2.**Which two day in a week starts with

I except tuesday and thursday.

Today and tomorrow

**3.**why do crows wear bells?.

Because their horns do not work.

**4.**Which is the biggest cow in the world?.

Moscow



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

**5**.which are the two cities that you cannot enter?.

Electricity and capacity.

**6.**why is six afraid of seven?.

Because seven eight (ate) nine

**7.**i’m tall when i’m young and i’m short when i’m old. Who am I ?.

candle



# ശാസ്ത്ര കൗതുകം

**SONA PETER**
**8D**

1.ബൈനോക്കുലർ കണ്ടുപിടിച്ചത് ആരാണ്?

ഉ:ഹാൻസ് ലിപ്പർഷെ

2.ക്യാമറ കണ്ടുപിടിച്ചത് ആരാണ്?

ഉ:ജോസഫ് നൈസ്ഫോർ നീപ്സെ

3.തോമസ് ആൽവാ എഡിസൺ എന്താണ് കണ്ടുപിടിച്ചത്?

ഉ:വാക്വം ട്യൂബ്

4.ബലൂൺ കണ്ടുപിടിച്ചത് ആരാണ്?

ഉ:ജാക്വിസ് എറ്റീൻ, ജോസഫ് മൈക്കൽ മോണ്ട് ഗോൾഫിയർ



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

5.വൈദ്യംതി കണ്ടുപിടിച്ചത് ആരാണ്?

ഉ:മൈക്കൽ ഫാരഡെ

6.തീപ്പെട്ടി കണ്ടുപിടിച്ചത് ആരാണ്?

ഉ:ജോൺ വാക്കർ

7.വീഡിയോ ഫോൺ കണ്ടുപിടിച്ചത് ആരാണ്?

ഉ:എ.ടി.ആൻഡ് ടി കമ്പനി

8.അനിമോമീറ്റർ കണ്ടുപിടിച്ചത് ആരാണ്?

ഉ:ലിയോൺ ബാനറ്റിസ്സ ആൻബർട്ടി

9.ആലക്സാണ്ടർ ഗ്രഹാംബെൽ കണ്ടുപിടിച്ചത് എന്ത്, ഏത് വർഷം?

ഉ:ടെലിഫോൺ, വർഷം :1876

10.പോളിയോ വാക്സിൻ കണ്ടുപിടിച്ചത് ആരാണ്?

ഉ:ജോനാസ് എഡ്വേർഡ് സാൾക്ക

11.നൈലോൺ കണ്ടുപിടിച്ചത് ആരാണ്?


ഉ:വാലസ് ഹ്യൂം കരോതേഴ്സ്

12.ലേസർ കണ്ടുപിടിച്ചതാര്?

ഉ:ഗോർഡൺ ഗൗൾഡ്


13.പി വി സി കണ്ടുപിടിച്ചതാര്?

ഉ:വാൾഡോ ലോൻസ്ബറി ഡെമോൺ





Kalidas S.Nair
9D



# THOSE DAYS



**Pooja M.P**
**9D**



Those days with you
was unforgetable
Those days of love
left nothing but beautiful memorie

I dont know why, but you
I dont know when,but you
I dont know where,but you
But it was all about you

Those things you said
Those words you left
Made me understand nothing
But there were day when we loved each other

Still those memories
Scattered in my dreams
Those days with you
was unforgetable

After many years
leaning on the same wall
walking through the same carridon
Tust thinking of you

The word i wanted to say
The word i wish in my life
The word mostly used in this day
‘Be my valentine

# നമ്മുടെ കൊട്ടാരങ്ങൾ



**DIYANA SHERIN**
**9B**



## അറയ്ക്കൽ കൊട്ടാരം

കേരളത്തിലെ ഒരേയൊരു മുസ്ലിം രാജവംശത്തിന്റെ ആസ്ഥാനം. ഈ രാജവംശത്തിലെ ഭരണാധികാരികൾ ആലിരാജ എന്നും അറയ്ക്കൽ ബീവി എന്നും അറിയപ്പെടുന്നു. അറക്കൽ രാജവംശക്കാർ ടിപ്പുസുൽത്താനുമായിച്ചേർന്ന് ബ്രിട്ടീഷുകാർക്കെതിരെ പോരാടി.കണ്ണൂരിൽ നിന്ന് മൂന്ന് കിലോമീറ്റർ അകലെയാണിത്.



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

## കുതിര മാളിക




തിരുവനന്തപുരത്ത് സ്വാതിതിരുനാൾ പണി കഴിപ്പിച്ചു .പുത്തൻ മാളിക എന്നും അറിയപ്പെടുന്നു.ഇതിന്റെ മേൽക്കൂരയിൽ തടിയിൽ തീർത്ത 112 കുതിരകളെ വരി വരിയായി കൊത്തിവെച്ചിട്ടുണ്ട്.അതാണ് കുതിരമാളിക എന്ന പേരുവരാൻകാരണം.ഇവിടെയാണ് സ്വാതിതിരുനാൾ സംഗീതോത്സവം നടക്കുന്നത്.



## മായിപ്പാടി കൊട്ടാരം

കാസർകോട് പ്രദേശത്തെ ഭരണാധികാരികളായിരുന്ന കുമ്പള രാജാക്കന്മാരുടെ ആസ്ഥാനമാണിത്.കാസർകോട്ടുനിന്ന് എട്ടു കിലോമീറ്റർ അകലെയാണിത്.

## കോയിക്കൽ കൊട്ടാരം



തിരുവനന്തപുരത്ത് നെടുമങ്ങാട്ടാണ് പ്രാചീനമായ ഈ കൊട്ടാരമുള്ളത്. ഇളയിടത്ത് സ്വരൂപത്തിന്റെ ആസ്ഥാനമായിരുന്ന ഇവിടം.

## പത്മനാഭപുരം കൊട്ടാരം



തിരുവിതാംകൂർ ഭരിച്ച ഇരവിപിള്ള ഇരവിവർമ്മ കുലശേഖര പെരുമാളാണ് എ. ഡി. 1601 -ൽ പത്മനാഭപുരം കൊട്ടാരനിർമ്മാണത്തിന് തുടക്കമിട്ടത്. കേരളത്തിന്റെ തനത് വാസ്തുവിദ്യാശൈലിയുടെ മകുടോദാഹരണമാണ് പത്മനാഭപുരം കൊട്ടാരം.



Kerala Infrastructure and Technology for Education
Presents



# അതിജീവനം

**AHALYA ASHOKAN**
**10 E**



നമ്മുടെ കേരളം ദൈവത്തിൻറെ സ്വന്തം നാട് എന്നാണ് അറിയപ്പെടുന്നത് . അതുകൊണ്ടുതന്നെ കേരളത്തിൽ നിന്ന് പുറത്തുള്ള ആളുകൾ കേരളത്തിൻെറ ഭംഗി ആസ്വദിക്കാൻ വരുന്നു . എന്നാൽ ആ മനോഹരത നഷ്ടപ്പെടുന്നതിൻെറ പ്രധാന കാരണം നമ്മൾ തന്നെയാണ്. മരങ്ങൾ മുറിച്ച് കേരളത്തിൻെറ പച്ചപ്പിൽ നമ്മൾ ഭംഗം വരുത്തി. പക്ഷേ കേരളത്തിൽ 2018-ൽ വലിയ ദുരന്തം നേരിടേണ്ടി വന്നു. ആ



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

സമയത്ത് കേരളം ഒറ്റക്കെട്ടായി അതിനെ

അതിജീവിച്ച . അപ്പോൾ കേരളത്തിനെ

രക്ഷിക്കാൻ മുന്നിട്ടിറങ്ങിയത് കേരളത്തിലെ

യുവ ജനങ്ങളാണ് .അവിടെ ഒരേയൊരു

ജാതിയേ ഉണ്ടായിരുന്നുള്ളൂ. വലിയവനോ

ചെറിയവനോ എന്നുള്ള വ്യത്യാസം

ഉണ്ടായിരുന്നില്ല. കേരളീയർ അതിനെ

അതിജീവിച്ച കൊണ്ടിരിക്കെ വീണ്ടും ഒരു

ദുരന്തം എത്തി. രണ്ടാമതും പ്രളയം.

ഇത്  ഏറെ നാശം വിതച്ചത് വയനാട്ടിലും

മലപ്പുറത്തും ആണ്. അതിനെയും കേരളം

ഒന്നായി ഒറ്റക്കെട്ടായി അതിജീവിച്ച.

എന്തുപറഞ്ഞാലും കേരളം

ദൈവത്തിൻറെ സ്വന്തം നാടാണ് .ഒരു

പ്രതീക്ഷയുടെ കണ്ണിയെങ്കിലും ബാക്കിവെക്കും.

ആ പ്രതീക്ഷയൊടെ മനുഷ്യർ വീണ്ടും



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

പണ്ടുള്ളതെല്ലാം കെട്ടിപ്പൊക്കും. ഒരു ഗുണവുമില്ല എന്നുകരുതിയ അവരാണ് കേരളത്തെ ആ ദുരിത പേമാരിയിൽനിന്നും കരകയറ്റിയത്.





Kerala Infrastructure and Technology for Education
Presents

# പഴഞ്ചൊല്ലുകൾ



**Arya Sasi**

**10E**

പയ്യെ തിന്നാൽ പനയും തിന്നാം.

എല്ല മുറിയെ പണിതാൽ പല്ല് മുറിയെ തിന്നാം.

.കിളച്ചുണ്ടവനേ രുചിയറിയൂ ,ഇരുന്നുണ്ടവന് രുചിയറിയില്ല.

.മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ല.

.സമ്പത്ത് കാലത്ത് തൈ പത്തുവെച്ചാൽ ആപത്ത് കാലത്ത് കാ പത്ത് തിന്നാം.

.കാണം വിറ്റും ഓണം ഉണ്ണണം.

.വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

.വിത്തുഗുണം പത്തുഗുണം.

.ചക്ക അധികം  തിന്നാൽ ചുക്കുപയോഗിക്കേണ്ടി വരും.

.ആയിരം മാങ്ങയ്ക്ക് അരപ്പൂള് തേങ്ങ.



















Kerala Infrastructure and Technology for Education
Presents

# നാലുമണി പൂക്കൾ



**Basil K.Sunny**
**9C**



ഇന്നലെയുടെ രാവുകളിൽ അമ്പിളി
വിരിയിച്ച നാലുമണി പുഷ്പമേ
നീ എത്ര സുന്ദരി....
മാനത്തേ താരകൾ നിന്നെ നോക്കി
കണ്ണിറുക്കുന്നു
ഇളം തെന്നൽ നിന്നെ തഴുകി തലോടുവാൻ
കൊതിക്കുന്നു
പാതി തുറന്ന ജാലക വാതിലിലൂടെ നിന്ന്
അരുമയാം തോഴിമാർ നിന്നെ കാണാൻ
വെമ്പുന്നു........
തണുപ്പിന്റെ നനവിൽ തിങ്കൾ നിനക്കായ്
ഒരുക്കുന്നു നിലാവിന്റെ നീല പുതപ്പ്



Kerala Infrastructure and Technology for Education
Presents

പുതച്ചുറങ്ങൂ ഈ രാവ് മുഴുവൻ
നാളെയുടെ സായംസന്ധ്യയ്ക്കൊപ്പം
ഞാൻ വരുവോളം....
കാന്തയെ പിരിയുമവനറിയുന്നുവോ?
പകലിന്റെ കൊടും ക്രൂരത
തന്റെ പ്രിയയെ പിഴുതെറിയുമെന്ന്
ഇന്നലകൾ തന്ന സുന്ദര സ്വപ്നങ്ങളെ,
നിങ്ങൾ കാലത്തിൻ ചൂടിൽ കൊഴിഞ്ഞു
വീഴാനുള്ള
നാലുമണി പുഷ്പങ്ങളായിരുന്നെങ്കിൽ
വെറുതെ എന്തിനു എൻ ചാരെ അണഞ്ഞു....
എൻകണ്ണുകൾ ഉതിർക്കുന്ന
കണ്ണുനീരിൽ മുങ്ങിക്കുവാനോ............


Kerala Infrastructure and Technology for Education Presents

# മഹദ് വ്യക്തികളുടെ

# ജീവിതനിരീക്ഷണങ്ങൾ



**Sruthy S**
**8E**

- ഞാൻ ജീവിതത്തിൽ നിന്ന് പഠിച്ചത് സാമൂഹികവും സാംസ്കാരികവുമായ മാർഗ്ഗങ്ങളിൽ ജനങ്ങളെ സേവിക്കുക എന്നാണ്.

ഇ.എം.എസ് നമ്പൂതിരിപ്പാട്

- സത്യസന്ധൻമാർ കഷ്ടപ്പെടുമ്പോൾ സത്യവിരുദ്ധൻമാർ സുഖലോലുപരായി ജീവിക്കുന്നതിലെ വൈരുദ്ധ്യതയാണ് എന്നെ ഞെട്ടിക്കുന്നത്

ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ



Kerala Infrastructure and Technology for Education Presents

- ആരും എന്നെക്കാൾ അത്ര വളരെ ഉയരെയുമല്ല,അത്ര വളരെ താഴെയുമല്ല എന്നാൽ സാഹചര്യങ്ങളാണ് മിക്കവാറും നിർണ്ണായകമാകുന്നത്.

  പി.ഉദയഭാനു

- വ്യാസനും,ബുദ്ധനും,ക്രിസ്തുവും,നബിയും ഉപദേശങ്ങൾകൊണ്ട് അനുഗ്രഹിച്ച ലോകം ഈ ദുരവസ്ഥയിൽ എത്തിയത് എന്തുകൊണ്ടാണ്?

  സുകുമാർ അഴിക്കോട്

- ക്രൂരതകളും തിക്തതകളും ജീവിതം പല വഴിത്തിരിവുകളിൽ വെച്ച് നീട്ടുമെങ്കിലും അപ്രതീക്ഷിതമായി ചില നിഴൽപാടുകളിൽ നിന്നും കരുണയും സ്നേഹവും ചില അദൃശ്യ കരങ്ങൾ നീട്ടുന്നുണ്ട്

  എംടി.



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

- ആവശ്യങ്ങളും ആഗ്രഹങ്ങളും പരിമിതപ്പെടുത്തുക. നല്ല വാക്കും പെരുമാറ്റവും വലിയ മുതൽമുടക്കാണ്.

പ്രൊഫ.എസ് ഗുപ്തൻനായർ

- ബുദ്ധിയിൽ നിന്ന് മോചിതനാവാൻ ദു:ഖിക്കുക. മറ്റുള്ളവർക്കുവേണ്ടി

ഒ.വി വിജയൻ

- നാം നടന്നു പോകുന്ന വഴിയിലൊക്കെ തോൽ പാകിയിട്ട് നടക്കാമെന്ന് കരുതരുത്.സ്വന്തം കാലിൽ തോൽചെരുപ്പുണ്ടാവണം

ഒ.എൻ.വി കുറുപ്പ്

- എളിമയും വിനയവും വിനയായി തീരുന്ന സന്ദർഭങ്ങളുമുണ്ടാകും,ജീവിതത്തിൽ ചിലപ്പോൾ. അതുകൊണ്ട് ഉള്ളിന്റെ ഉള്ളിൽ ഒരു ധിക്കാരിയേയും പൊന്നു പോലെ സൂക്ഷിക്കുക

പെരുമ്പടവം ശ്രീധരൻ



Kerala Infrastructure and Technology for Education
Presents

- അവരവർ സ്വയം ചെയ്യേണ്ടതായ ഏതൊരു വിഷമമേറിയ ജോലിയും ചെയ്തുതീർക്കാൻ ഏറ്റവും എളുപ്പവഴി അതു ചെയ്തു തുടങ്ങുക എന്നതാണ്.

എം.എൻ .പ്രസാദ്

- ആഗ്രഹത്തിലും ആഹ്ലാദത്തിലും മിതത്വം ശീലമാക്കുക.അന്യരുടെ കുറ്റം നോക്കാതെയും പറയാതെയും ശ്രദ്ധിക്കുക. സ്വന്തം ചെയ്തികൾ മറ്റുള്ളവർക്ക് ഗുണപ്രദമായി വരുവാൻ ശ്രമിക്കുക.

ഡോ.എം.എസ്.വല്യത്താൻ

- വെട്ടലും തിരുത്തലും ജീവിതമെന്ന ഗുരുനാഥന്റെ ശിക്ഷണത്തിലെ ഏറ്റവും ഉത്തമവും ഉദാത്തവുമായ കർമ്മമാണ്. തെറ്റു പറ്റുമ്പോൾ ഉറക്കെ പ്രസ്താവിക്കുകയും അത് തിരുത്തുകയുമാണ് ഒരുത്തമ മനുഷ്യന്റെ ധർമ്മം

പി.ഭാസ്കരൻ

# ദൈവത്തിൻ സ്വന്തം നാട്



**Jayalakshmi K.J.**
**8B**



പടിയിറങ്ങൂ പ്രളയമേ
ഇത് മാനവരാകെ കരങ്ങൾകോർത്ത നാട്
ദൈവത്തിൻ സ്വന്തം നാട്

പെയ്തൊഴിഞ്ഞ പേമാരിപോലെ
മാനവീയത നിറഞ്ഞൊഴുകിയ നാട്
പച്ചയാം പരവതാനി വിരിച്ച കേരളനാട്

വേലിക്കരികിൽ ളുങ്ങിയാടുമൊരു
വൻപടവലം പോലെ
വിരിഞ്ഞുകിടക്കും എൻ നാട്

മാവേലിയുടെ മാമലനാട്
ഹരിതം പുതച്ച മലയാളനാട്
ദൈവത്തിൻ സ്വന്തം നാട്



# സുകൃത കേരളം



**Ahalya Ashokan**
**10E**



ശ്രീനാരായണ ഗുരുവും സ്വാമി വിവേകാനന്ദനുമുൾപ്പെടെയുള്ള ആദർശ ശാലികൾ വളരെ ശ്രമകരമായി പടുത്തുയർത്തിയ സമത്വ സുന്ദരഭാവനകളുടെ സങ്കലനമാണ് കേരളം എന്ന സ്വപ്നതീരം. കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക മേഖലകളിൽ ഇതുവരെയുണ്ടായ കുതിച്ചു ചാട്ടങ്ങൾ തികച്ചും ശ്ലാഘനീയം തന്നെ.ഇത്തരമൊരു സാഹചര്യത്തിൽ കേരളത്തിന്റെ സുകൃതങ്ങളെയും വൈകൃതങ്ങളെയും ഒന്നു സൂക്ഷമമായി പരിശോധിക്കേണ്ടിയിരിക്കുന്നു.



Kerala Infrastructure and Technology for Education
Presents

'ജനനി ജന്മഭൂമിച്ഛ, സ്വർഗാദപിരീഗയസി' എന്ന മൊഴി മുത്തിൽ നിന്നു തുടങ്ങാം. മറ്റു ലോക രാഷ്ട്രങ്ങൾ കേരളത്തെ കണ്ടു പഠിക്കട്ടെ എന്നു അഭിമാനിക്കാൻ വക നൽകുന്ന സാംസ്കാരിക പൈതൃകമാണ് നമ്മുടേത്.ജാതി-മത-വർണ വർഗ ഭേദമില്ലാതെ സകല മനുഷ്യരും കൈകോർക്കുന്ന ഈ മണ്ണിൽ അഹം ബ്രഹ്മാസ്മി, തത്വമസി, തുടങ്ങിയ ഉപനിഷത് വാക്യങ്ങൾ ശാന്തി മന്ത്രങ്ങളായി പരിണമിക്കുന്നു.

ആഗോള തലത്തിന് തന്നെ ശ്രദ്ധേയമായ കേരളത്തിന്റെ തനതു കലാരൂപങ്ങളും സംസ്കാരങ്ങളും നമ്മുടെ പെരുമ വിളിച്ചറിയിക്കുന്നു. സാമ്പത്തിക വികസനത്തിൽ ഒരു കേരളാ മോഡലിനു തന്നെ ജന്മം കൊടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്.ശാസ്ത്ര സാങ്കേതിക വികസനത്തിന്റെ പരിണിത ഫലങ്ങളെ വ്യവസായ മേഖലയുമായി വിളക്കിച്ചേർത്ത് അനുദിനം ശക്തി പ്രാപിക്കുന്ന ഒരു ശക്തി


Kerala Infrastructure and Technology for Education Presents

സ്രോതസ്സായി മാറിയിട്ടുണ്ട് കേരളം. അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത, മെച്ചപ്പെട്ട തൊഴിൽ ശക്തി തുടങ്ങിയവ പ്രശംസനീയം തന്നെ.

വിദ്യാഭാസ രംഗത്തും കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ചാരിതാർത്ഥ്യ ജനകമാണ്. സ്ത്രീ സാക്ഷരതയിലും, തുടർ സാക്ഷരതാ പദ്ധതികളിലും നിർബന്ധിത വിദ്യാഭ്യാസത്തിലും ഊന്നിനിൽക്കുന്ന നമ്മുടെ വിദ്യാഭ്യാസ മേഖല നാളെയുടെ നല്ല പൗരന്മാരെ വാർത്തെടുക്കാൻ പര്യാപ്തമാണ്.

അന്നദിനം വളരാത്തത് പ്രതിദിനം മരിക്കുന്നു. ഇതിനൊരപവാദമായി കേരളത്തിലെ ആരോഗ്യരംഗം മെച്ചപ്പെട്ടുവരികയാണ്. നൂതന സാങ്കേതിക വിദ്യകളുടെ സമന്വയത്തിലൂടെ കരുതലാർത്ത ചികിത്സാരീതികളും മറ്റു പ്രവർത്തനങ്ങളും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലാണ് പൂർണ സാക്ഷാത്കാരം സാധ്യമാകുന്നത്.



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

കേരളത്തിന്റെ വരദാനങ്ങളെകുറിച്ചും സുകൃതങ്ങളെക്കുറിച്ചും വാനോളം പുകഴ്ത്തിപ്പറയുന്ന കേരളീയർ കേരളത്തിന്റെ വികൃത മുഖത്തെ കണ്ടില്ലെന്നു നടിക്കുന്നത് പരിതാപകരമാണ്. കച്ചവടക്കണ്ണുകളിലൂടെ കേരളത്തെ പച്ച നോട്ടുകൾക്ക് പണയം വയ്ക്കുന്ന ഒരു സ്ഥിതി വിശേഷത്തിലേക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. വിദേശ ഭാഷകളുടെ കടന്നാക്രമണത്തിൽ നൊന്തു പിടയുന്ന മാതൃഭാഷയുടെ ഹൃദയ വേദന മനസിലാക്കാൻ പോലും മലയാളിമക്കൾക്ക് കഴിയുന്നില്ല. "മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ, മർത്യന്നു പെറ്റമ്മ തൻ ഭാഷ തൻ" എന്ന കാവ്യശകലത്തെ പുച്ഛിച്ച് തള്ളുന്ന യുവതലമുറയ്ക്ക് എങ്ങനെയാണ് കേരള പൈതൃകത്തിന്റെ കാവൽക്കാരനാകാൻ കഴിയുക?

വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും പടവുകൾ കയറുമ്പോൾ കാൽക്കീഴിൽ ഉദയം ചെയുന്ന



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

പുതിയ പ്രശ്നങ്ങളെയും നാം അവഗണിക്കുന്നു.
അഴുക്കുചാലുകൾ നിറഞ്ഞ ചേരികളും,
മലിനജലമൊഴുകുന്ന നദികളും,
വെട്ടിത്തെളിക്കപ്പെട്ട വനങ്ങളും, ക്ഷൗരം ചെയ്ത
കുന്നുകളും സാക്ഷി നിർത്തി ഇന്നും കേരളീയർ
പറയുന്നത് കേരളം തിളങ്ങുന്നു എന്നാണ്.

സ്മാർട്സിറ്റി, എക്സ്പ്രസ്സ്, ഹൈവേ
പോലുള്ള അക്ഷയ പാത്രങ്ങളെ പുറം കാൽ
കോണ്ട് തട്ടത്തെറിപ്പിച്ച് വികസന വിരുദ്ധ
നയങ്ങളെ മുറുകെപ്പിടിക്കുന്ന കേരളം വ്യവസായ
സൗഹൃദ സംസ്ഥാന മാകാത്തതിൽ അത്ഭുതമില്ല.
സംരംഭകത്വശേഷിയിലും മൂലധന
നിക്ഷേപത്തിലും കേരളീയർ വിമുഖരാണ്.
വേണ്ടതിനും വേണ്ടാത്തതിനും കൊടിയും പിടിച്ച്
റോഡിലിറങ്ങി സമരം നടത്താനല്ലാതെ
ക്രിയാത്മകമായി പ്രതികരിക്കുവാൻ കേരളീയർ
അശക്തരാണ്.



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS

'ടെക്നോളജിക്ക്' അമിത പ്രാധാന്യം നൽകിയാൽ നാമൊരു രാക്ഷസരാജ്യത്തെയായിരിക്കും വാർത്തെടുക്കുക എന്ന ഡോ: എസ്. രാധാകൃഷ്ണൻ പറഞ്ഞത് എത്ര വാസ്തവമാണ്. ഇന്നത്തെ കേരളത്തിന്റെ സാമൂഹികാവസ്ഥയിലേക്ക് എത്തിനോക്കിയാൽ കൊള്ളയും, കൊലയും, പിടിച്ചു പറിയും സ്ത്രീ പീഡനങ്ങളും കൊണ്ട് വികൃതമായ ഒരു മുഖമാണ് നമ്മുക്ക് കാണാനാകുക. 'കുഴി വെട്ടി മൂടുക വേദനകൾ' എന്ന ഇടശ്ശേരി പാടിയതിനെ വ്യത്യാസപ്പെടുത്തി നമ്മുടെ ധാർമ്മിക മൂല്യങ്ങളെയാണ് പുതുതലമുറ വെട്ടി മൂടുന്നത്.

കേരളത്തിന്റെ സംസ്കാരിക സമ്പത്തിനെയും പ്രകൃതി സൗന്ദര്യത്തെയും വിദേശികൾക്ക് പണയം വെച്ച് ടൂറിസം എന്ന ഓമനപ്പേരിൽ അസന്മാഗികതയ്ക്ക് വളം വച്ചു കൊടുക്കുകയാണ് കേരളീയർ.



# കാത്തിരിപ്പ്

**Basil Eldho**

**9C**

ഒരു ജന്മം കൂടി ജനിക്കാനായ് ഒരു കണ്ണീർക്കണ്ണം

നിനക്കായ് പൊഴിക്കാൻ രാവും പകലും മഴയും

വെയിലും നിൻ ജീവിതത്തിന്റെ സൗന്ദര്യം

നിൻ ജീവനെന്നു എൻ ജീവനെന്നു ചൊല്ലുന്ന

നിൻ വാക്കാണീ ലോകത്തിൻ ഉത്തേജനം

ജാതി,മത,വർഗ്ഗ ഭേദങ്ങളില്ലാതെ മാനവർക്കായ്

പൊരുതുന്ന നീ  ഒരമ്മപെറ്റ മക്കളെപ്പോലെ

മാനവർക്കായ് പൊരുതുന്ന നീ നിൻ

ചിതയെരിയുമ്പോൾ

എന്നിലെ ജീവനും ഉരുകിയൊഴുകി

നിശ്ചലമാകുന്നു..............................................

# നന്ദിപൂർവ്വം..........

**"മർത്ത്യായുസ്സിൽ സാരമായതു**

**ചില മുന്തിയ സന്ദർഭങ്ങളല്ല ;**

**മാത്രകൾ  മാത്രം"**

കരിയിലകൾ പാറിവീണ നാട്ടുവഴികളിലൂടെ    **.......**

കാലത്തിൻെറ ഓർമ്മകൾ പേറി നാം യാത്രയായപ്പോൾ.......

സൃഷ്ടിയുടെ സുഗന്ധം വഴികാട്ടിയായി.

വാക്കുകൾ അനുഭവങ്ങൾക്കു വഴി മാറുമ്പോൾ.....

ഓർമ്മകൾ ഹൃദയത്തോടു ചേർത്തുവയ്ക്കുമ്പോൾ......

അറിവുകൾ   **സമന്വയ**മായി മാറുമ്പോൾ.........

ചേർന്നു നിന്ന എല്ലാവർക്കും .........

## നന്ദി.......





Kerala Infrastructure and Technology for Education
Presents